സുവനീറുകൾ ബ്രാൻഡ് ചെയ്ത് വിനോദസഞ്ചാരികൾക്കുവേണ്ടി വിപണിയിലെത്തിക്കും. കേരള ടൂറിസത്തിന്റെ വിവര ഉൽപന്ന ബ്രോഷറുകൾ നവീകരിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായാണ് മേൽ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്.

(സി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികൾക്കും ഭരണ അംഗീകാരം നൽകിയിട്ടുണ്ട്.

ടൂറിസം നയം

304(1005) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ ടൂറിസം നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

കായൽ ടൂറിസം

305(1006) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലും കുമരകം തേക്കടികളിലുമായി കായൽ ടൂറിസം ആസ്വദിക്കാനായി എത്തിച്ചേരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും ഇവിടെ എത്തിയ സഞ്ചാരികൾ എത്ര വീതമെന്നും അതിൽ ആഭ്യന്തര സഞ്ചാരികൾ എത്രവീതമെന്നും പ്രത്യേകം കണക്ക് ലഭ്യമാക്കുമോ;

(സി) സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് റിസോർട്ടുകളും ഹൗസ് ബോട്ടുകളും വർദ്ധിക്കുകയും അവയിൽ നിന്ന് പുറംതള്ളുന്ന മാലിന്യങ്ങൾ വേമ്പനാട്ടുകായലിന്റെ സർവ്വനാശത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നതു സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ കൈക്കൊണ്ടെന്ന് വ്യക്തമാക്കുമോ?

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. വേമ്പനാട്ട് കായലിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽനിന്നും മാലിന്യം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുമരകത്തും ആറാട്ടുപുഴയിലെ എച്ച് ബ്ലോക്ക് കായലിലും ടൂറിസം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശയാത്രകൾ

3061(1007) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശ യാത്രകൾ എത്രയാണെന്നും, സന്ദർശിച്ച രാജ്യം, തീയതി, പരിപാടി എന്നിവ വ്യക്തമാക്കുമോ; ഓരോ യാത്രയിലും ഏതെല്ലാം ഉദ്യോഗസ്ഥർ അനുഗമിച്ചിരുന്നു;

(ബി) പ്രസ്തുത വിദേശയാത്രകളുടെ ഫലമായി വിദേശ ടൂറിസ്റ്റുകളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; ഇതിന്റെ കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-2016 കാലയളവിൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി നടത്തിയ ഔദ്യോഗിക വിദേശയാത്രകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

നമ്പർ	രാജ്യം	തീയതി	പരിപാടി	അനുഗമിച്ച ഉദ്യോഗസ്ഥർ
(1)	(2)	(3)	(4)	(5)
1.	സിറ്റ്സർലാന്റ്	4-8-2011 മുതൽ 9-8-2011 വരെ	ജനീവ ഫെസ്റ്റിവൽ	ശ്രീമതി റാണി ജോർജ്ജ് IAS, ഡയറക്ടർ ടൂറിസം
2.	ഇംഗ്ലണ്ട്	5-11-2011 മുതൽ 11-11-2011 വരെ	WTM ട്രെയർ ലണ്ടൻ	ശ്രീ. ടി. കെ. മനോജ് കുമാർ IAS, സെക്രട്ടറി ടൂറിസം
3.	ദുബായ്	1-2-2012 മുതൽ 3-2-2012 വരെ	ഔദ്യോഗികം	

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly